വില്ലേജിൽ ഉദയമാർത്താണ്ഡപുരം ചേരിയിൽ കപ്പലണ്ടി മുക്കിനുസമീപമുള്ള ഗുരുമന്ദിരം, ചെങ്ങന്നൂർ എസ്.എൻ.ഡി.പി. 97-ാം നമ്പർ ശാഖ ഗുരുമന്ദിരം, എന്നിവ ആക്രമിച്ചതുമായി ബന്ധപ്പെട്ട കേസ്സുകളിലായി താഴെപ്പറയുന്നവരെയാണ് അറസ്റ്റ് ചെയ്തിട്ടുള്ളത്.

1. ഷാജി, മുണ്ടുവിള വീട്, ഉച്ചക്കട, വെങ്ങാന്നൂർ.
2. അനി, പ്രാക്കുറു വിളവീട്, വെങ്ങാന്നൂർ, കട്ടച്ചാൽക്കുഴി.
3. സുരേഷ്, കാവടിവിളാകംവീട്, സിസിലിപുരം, വെങ്ങാന്നൂർ
4. ബിജു, പുത്തൻവീട്, ഉച്ചക്കട, വെങ്ങാന്നൂർ
5. ബിനു, മാറലവിളാകത്തുവീട്, കോട്ടുകാൽ.
6. കൊല്ലം മുണ്ടയ്ക്കൽ ഉദയമാർത്താണ്ഡപുരം ചേരിയിൽ കപ്പലണ്ടിമുക്കിനു സമീപം ശാന്തപുരയിൽ വീട്ടിൽ രാജൻ.
7. ചെങ്ങന്നൂർ തിട്ടമേൽ മുറിയിൽ പുത്തൻപറമ്പിൽ വീട്ടിൽ വർക്കി മകൻ രാജനെന്നുവിളിക്കുന്ന കോശി.

(സി) ബാലരാമപുരം പോലീസ് രജിസ്റ്റർ ചെയ്ത ക്രൈം നം.54/2000 കേസ്സിൽ ഇന്ത്യൻ ശിക്ഷാനിയമം 143, 147, 148, 149, 295, 427, 506(2) എന്നീ വകുപ്പുകൾ പ്രകാരവും കൊല്ലം ഈസ്റ്റ് പോലീസ് രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 100/2000 കേസ്സിൽ ഐ.പി.സി. 295, 447, 427 എന്നീ വകുപ്പുകൾ പ്രകാരവും ചെങ്ങന്നൂർ പോലീസ് രജിസ്റ്റർചെയ്ത ക്രൈം നമ്പർ 83/2000 കേസ്സിൽ ഐ.പി.സി. 295, 427 എന്നീ വകുപ്പുകൾ പ്രകാരവുമാണ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(ഡി) ഏഴ് പ്രതികളേയും അറസ്റ്റ് ചെയ്തത് മാർച്ച് 4-ന് മുമ്പാണ്.

81 (2391) കൃാഷ്ബുക്കിൽ കൃത്രിമം കാണിച്ച് പണാപഹരണം നടത്തിയ സംഭവം

<u>ശ്രീ. കെ.സി. വേണുഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സെൻട്രൽ ജയിലിൽ കൃാഷ് ബുക്കിൽ കൃത്രിമം കാണിച്ച് പണാപഹരണം നടത്തിയ സംഭവം ഉണ്ടായിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് അക്കൗണ്ടന്റായി ജോലിനോക്കിയിരുന്ന ആളെ സസ്പെന്റ് ചെയ്തിട്ടുണ്ടോ;

(സി) എത്ര രൂപയുടെ പണാപഹരണമാണ് നടന്നത്;

(ഡി) ഈ സംഭവത്തിൽ വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടോ; റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ഇ) പണാപഹരണം സംബന്ധിച്ച് ഡിപ്പാർട്ടുമെന്റ് തലത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നും വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ)&(ബി) ഉണ്ട്.

(സി) ഇരുപതിനായിരത്തി ഇരുന്നൂറ്റി രണ്ട് രൂപ മുപ്പത് പൈസയുടെ ക്രമക്കേടാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്.

(ഡി) വിജിലൻസ് അന്വേഷണം നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്രശ്നം ശ്രദ്ധയിൽപ്പെട്ട ഉടനെ ചുമതലക്കാരനായ അസിസ്റ്റന്റ് ജയിലറെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും അന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ട്. അതേത്തുടർന്ന് വിശദ അന്വേഷണത്തിനായി ഉത്തരമേഖലാ ജയിൽ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറലിനെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ടിയാനിൽനിന്നും അന്വേഷണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ ഇതു സംബന്ധിച്ച് വിശദ അന്വേഷണം നടത്തുന്നതിന് ക്രൈം ബ്രാഞ്ച് ക്രൈം ഇൻവെസ്റ്റിഗേഷൻ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

82 (2392) സംസ്ഥാനത്ത് നടന്ന ബലാൽസംഗങ്ങൾ

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം ഇതുവരെ എത്ര ബലാൽസംഗങ്ങൾ നടന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) അതിൽ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവരെ ബലാൽസംഗം ചെയ്ത എത്ര സംഭവങ്ങൾ ഉൾപ്പെടുന്നു;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം ഉണ്ടായ ബലാൽസംഗങ്ങളിൽ 5 വയസ്സിൽ താഴെയുള്ളവരേയും 5 വയസ്സ് മുതൽ 12 വയസ്സുള്ളവരേയും 12 വയസ്സുമുതൽ 15 വയസ്സുവരെയുള്ളവരേയും അറുപതു വയസ്സിന് മുകളിൽ ഉള്ളവരേയും ബലാൽസംഗം ചെയ്ത എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട് എന്നതിന്റെ കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) 1893 ബലാൽസംഗ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 413 കേസ്സുകൾ.

(സി)

അഞ്ച് വയസ്സിന് താഴെയുള്ളവർ	-	14
അഞ്ച് വയസ്സുമുതൽ 12 വയസ്സുവരെയുള്ളവർ	-	109
12 വയസ്സുമുതൽ 15 വയസ്സുവരെ പ്രായമുള്ളവർ	-	317
അറുപത് വയസ്സിന് മുകളിൽ പ്രായമുള്ളവർ	-	12

83 (2394) നവീന എക്സ്പോർട്ട് എന്ന കട നടത്തുന്ന രാജേന്ദ്രനും സ്ഥല ഉടമസ്ഥയും തമ്മിലുള്ള കേസ്സ്

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 106/99 കേസ്സ് രജിസ്റ്റർ ചെയ്തത് ഐ.പി.സി.യുടെ ഏത് വകുപ്പു പ്രകാരമാണ്; പിന്നീട് കേസ്സിലെ വകുപ്പ് മാറ്റുകയുണ്ടായോ; എങ്കിൽ വിശദമാക്കുമോ;

(ബി) കുമാരപുരത്തിനടുത്ത് നവീന എക്സ്പോർട്ട് എന്ന കട നടത്തുന്ന രാജേന്ദ്രനും സ്ഥല ഉടമസ്ഥയും തമ്മിലുള്ള കേസ്സിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly